(സി) 16 മീറ്റർ ഉയരം വരെയുള്ള ഗണത്തിൽപ്പെട്ട ലോ റൈസ് കെട്ടിടങ്ങൾക്ക് കെ.എം.ബി.ആർ., കെ.പി.ബി.ആർ. റൂളുകൾ പ്രകാരം നിർദ്ദേശിച്ചിട്ടില്ലാത്ത സ്പെഷ്യൽ കാറ്റഗറി തരംതിരിവ് ഒഴിവാക്കി അതേ ജില്ലയിലുള്ള ജില്ലാ ഫയർ ഓഫീസിൽനിന്നും ഫയർ എൻ.ഒ.സി. നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

പ്രസ്തുത വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. വകുപ്പിൽ ഡീസെൻട്രലൈസേഷൻ നടപ്പിലാക്കുമ്പോൾ പ്രസ്തുത വിഷയം പരിശോധിക്കാവുന്നതാണ്.

ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ നടപ്പിലാക്കേണ്ട പരിഷ്കാരം

142 (4867) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ പരിഷ്കാര കമ്മീഷൻ, ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിൽ നടപ്പിലാക്കേണ്ട പരിഷ്കാരം സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം സമർപ്പിച്ചിരുന്നോ;

&

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഭരണ പരിഷ്കാര കമ്മീഷൻ ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിൽ നടപ്പിലാക്കേണ്ട പരിഷ്കാരം സംബന്ധിച്ച ശിപാർശയൊന്നും ലഭ്യമാക്കിയിട്ടില്ല.

പുതിയ ഫയർ സ്റ്റേഷനുകൾ

143 (4868) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഫയർ സ്റ്റേഷനുകളാണ് പുതുതായി ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

18-2-2021-ലെ സ.ഉ.(എം.എസ്.) 51/21/ ആഭ്യന്തരം പ്രകാരം ഉള്ളൂർ, മാവൂർ, ചീമേനി, പനമരം, വൈത്തിരി, രാജാക്കാട്, ആറൻമുള, പാലോട്, നേര്യമംഗലം എന്നിവിടങ്ങളിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) ഇവ തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് കെട്ടിടം/സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മതിയായ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ആരംഭിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly